CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# തിരുനാൾക്കർമ്മങ്ങൾ



കൊടി ഉയർത്തൽ, ലദീഞ്ഞു്,
പ്രദക്ഷിണം, തിരുനാൾ ഏല്പിക്കൽ,
രൂപം എഴുന്നള്ളിച്ചുവയ്ക്കൽ, വേസ്പര

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# തിരുനാൾക്കർമ്മങ്ങൾ

കൊടി ഉയർത്തൽ, ലദീഞ്ഞു്, പ്രദക്ഷിണം

തിരുനാൾ ഏല്പിക്കൽ

തിരിവെഞ്ചരിപ്പു്

രൂപം എഴുന്നള്ളിച്ചുവയ്ക്കൽ

വേസ്പര (പാട്ടു റംശ)

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

By

**Fr. Abel C. M. I.**

Rights Reserved

Ernakulam

15 – 8 – 1985

രൂ. 1 . 50

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# തിരുനാൾകർമ്മങ്ങൾ

## 1. കൊടി ഉയർത്തൽ

കാർമ്മികനും സഹായികളും തിരുവസ്ത്രങ്ങളണിഞ്ഞു ധൂപക്കുററിക്കാരൻ, തിരിക്കാർ എന്നിവരോടുകൂടെ കൊടിമരത്തിന്റെ ചുവട്ടിൽച്ചെന്നു നിന്നു കർമ്മങ്ങൾ ആരംഭിക്കുന്നു.
സൂചന.: 1) ധൂപക്കുററിക്കാരൻ വെഞ്ചരിച്ച പനിനീരും എടുത്തിരിക്കണം.

2) ജനങ്ങൾ കൊടിമരത്തിനു ചുററുമായി നിൽക്കുന്നു.

**കാർമ്മി:** പിതാവിന്റെയും † പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** മേഘങ്ങളെ വാഹനമാക്കി കാററിന്റെ ചിറകുകളിൽ സഞ്ചരിക്കുന്ന ബലവാനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങയുടെ മഹത്വത്തിനും വിശുദ്ധരുടെ ബഹുമാനത്തിനുമായി ഞങ്ങൾ ഉയർത്തുന്ന ഈ പതാകയെ പിതാവിന്റെയും† പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിക്കണമേ. ഈ പതാകയെ വണങ്ങുന്നവർക്കെല്ലാം അങ്ങയുടെ സഹായം ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

www.TheCMSIndia.org

കാർമ്മികൻ പതാകയെ ധൂപിക്കുന്നു. അനന്തരം താഴെക്കാണുന്ന പാട്ടുപാടിക്കൊണ്ടു പതാകയുടെ മേലും അവിടെത്തന്നെ നിന്നുകൊണ്ടു് ചുററുമുള്ള ജനങ്ങളുടെ മേലും പനിനീർ തളിക്കുന്നു.

## ഗാനം

കാർമ്മി: കർത്താവാം മിശിഹാതൻ കാരുണ്യവും
താതനാം ദൈവത്തിൻ സംപ്രീതിയും
പരിശുദ്ധാത്മാവിൻ സഹവാസവും
നമ്മിലുണ്ടാകേണമെന്നുമെന്നും.

സമൂ: നമ്മിലുണ്ടാകേണമെന്നുമെന്നും.

കാർമ്മികൻ പതാക ഉയർത്തുന്നു. തൽസമയം സമൂഹം താഴെവരുന്ന പാട്ടുപാടുന്നു. പതാക ഉയർത്തിക്കഴിയുമ്പോൾ ആ പാട്ടുതന്നെ തുടന്നു പാടിക്കൊണ്ടു പ്രദക്ഷിണമായി പള്ളിയിലേയ്ക്കു പോകുന്നു.

## ഗാനം

ജനപദങ്ങളേ,
കർത്താവിനെ വാഴ്ത്തീടുവിൻ.
ഹല്ലേലൊയ്യാ (3)

ഭൂവാസികളേ,
കർത്താവിനെ വാഴ്ത്തീടുവിൻ.
ഹല്ലേലൊയ്യാ (3)

താതനും സുതനും
പരിശുദ്ധാത്മാവിനും സ്തുതി.
ഹല്ലേലൊയ്യാ (3)

ആദിമുതലെന്നും
എന്നേയ്ക്കും ആമ്മേൻ.
ഹല്ലേലൊയ്യാ (3)

www.TheCMSIndia.org

# 2. ലദീഞ്ഞു്

കാമ്മികനും ശുശ്രൂഷികളും മദ്ബഹായിൽ ചെന്നു നിൽക്കുന്നു.

**കാമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും, എന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

**കാമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവും കൂടി) അങ്ങയുടെ നാമം പൂജിതമാകണമേ........

സമൂഹം താഴെക്കാണുന്ന ലുത്തനിയാകളിൽ അവസരോചിതമായതു പാടുന്നു.

## ലുത്തനിയ

### ന. കത്താവിൻെറ തിരുനാളുകരംക്കു്

കർത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ
കർത്താവേ, ഞങ്ങളുണയ്ക്കും
പ്രാത്ഥന സദയം കേരംക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ:
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:
*info@thecmsindia.org*
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART